**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2887** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-കായിക പരിപോഷണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-കായിക പരിപോഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വഞ്ചിപ്പാട്ട്, നാടൻപാട്ട്, ഡ്രോയിംഗ്, ഓട്ടൻ തുള്ളൽ, മിഴാവ്, കർണാടക സംഗീതം, ഇരുള നൃത്തം, നാടകം, സംഗീതം തുടങ്ങിയവയിൽ പരിശീലനം നൽകി വരുന്നു.<br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട് . ടി സ്കൂളിൽ വിദ്യാഭ്യാസത്തോടൊപ്പം വിവിധ കായിക പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കൂടതെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഖൊഖോ, ബാഡ്മിന്റൺ, ഫുട്ബോൾ, ബോക്സിംഗ്, ടെന്നിക്കോയിറ്റ്, അത്‌ലറ്റിക്സ്, ജിംനാസ്റ്റിക്ക്, ജൂഡോ, റസിലിംഗ്, വോളി ബോൾ, ബാഡ്മിന്റൺ, കബടി, ചെസ്സ് എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു. കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിൽ പ്രത്യേക പരിശീലനവും നൽകി വരുന്നു. കൂടാതെ സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് (SPC) പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും കുട്ടികൾക്കായി അവരുടെ കായിക മികവുകൾ പ്രകടിപ്പിക്കുന്നതിന് വേണ്ടി കളിക്കളം എന്ന പേരിൽ കായിക മേളയും കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി സർഗോത്സവം എന്ന പേരിൽ കലാമേളയും സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ ഒളിമ്പിക്സ് , കലോത്സവം പരിപാടികളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികൾ പങ്കെടുക്കുന്നു. ഇതിലേയ്ക്കായി ചിട്ടയായ |

| | | | |
|---|---|---|---|
| | | | പരിശീലനത്തിലൂടെ മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും, ഇതിലൂടെ ദേശീയ അന്തർദേശീയ തലങ്ങളിൽ പങ്കെടുക്കാൻ തരത്തിലുള്ള മികച്ച കായികതാരങ്ങളായും കലാകാരന്മാരായും അവരെ മാറ്റുന്നതിനും സാധിക്കുന്നു.<br><br>സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അസോസിയേഷൻ, ദേശീയ അന്തർദേശീയ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ കലാകായിക മത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ